(സി) ബോർഡിന്റെ സ്ഥിരം ജീവനക്കാർ 2 പേരും താല്കാലിക ജീവനക്കാർ 6 പേരും ഉൾപ്പെടെ ആകെ 8 പേർ.

തൃശ്ശൂർ ജില്ലയിലെ നീർത്തട വികസന പദ്ധതികൾ

180 [3585] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ നീർത്തട വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഈ പദ്ധതി പ്രകാരം ഈ ജില്ലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും അവയ്ക്കുവേണ്ടി എന്തു തുക ചെലവഴിച്ചുവെന്നും പറയാമോ;

(സി) ഈ പദ്ധതിയുടെ പ്രയോജനം കൂടുതൽ ജനങ്ങളിലെത്തിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ കേന്ദ്രാവിഷ്കൃത വികസന പദ്ധതിയായ സമഗ്ര തരിശുഭൂമി വികസന പദ്ധതി 1991-92 മുതൽ 1994-95 വരെയുള്ള കാലയളവിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നീർത്തട വികസന പരിപാടികളും ഏറ്റെടുത്തിരുന്നു. ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ അനുവദിച്ച 119.06 ലക്ഷം രൂപ ഉപയോഗിച്ച് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, ജല സംരക്ഷണ പ്രവർത്തനങ്ങൾ, തടയണ നിർമ്മാണം, നാശോന്മുഖമായ വനഭൂമികളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ ഈ പദ്ധതി പ്രകാരം പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്കിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഹരിയാലി പ്രകാരം നീർത്തട വികസന പദ്ധതിയിൽപ്പെടുത്തി 6430 ഹെക്ടർ ഭൂമിയുടെ വികസനം ലക്ഷ്യമിട്ട് 386 ലക്ഷം രൂപ അടങ്കൽ തുകയ്ക്ക് പ്രോജക്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) ഹരിയാലി പദ്ധതി പ്രകാരം കൂടുതൽ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കി കേന്ദ്ര സഹായത്തിനായി സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly